LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, ...

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പണം കഴിഞ്ഞതിനുശേഷം അങ്ങയുടെ ക്രമപ്രശ്നം എടുക്കാം.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച .....

ശ്രീ. എ. കെ. ബാലൻ : സർ, ...

മി. സ്പീക്കർ : യെസ് ..... ശ്രീ. കെ. എൻ. എ. ഖാദർ, പ്ലീസ്.....

ക്രമപ്രശ്നം

ഭേദഗതി നൽകുന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ : സർ, 74 ഖണ്ഡങ്ങളുള്ള അതിവിപുലവും കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വളരെ പ്രാധാന്യമുള്ളതുമായ ഒരു ബില്ലാണ് സബ്ജക്ട് കമ്മിറ്റി മുഖേന ഇവിടെ വന്നിട്ടുള്ളത്. എനിക്ക് ചട്ടപ്രകാരം ഭേദഗതി നൽകാൻ രണ്ട് പൂർണ്ണ ദിവസങ്ങൾ കിട്ടണം. ബഹുമാനപ്പെട്ട സ്പീക്കർ ചട്ടം 79 പരിശോധിക്കണം. "റിപ്പോർട്ട് സമർപ്പിച്ചതിനുശേഷമുള്ള നടപടിക്രമം - എന്നാൽ രണ്ട് പൂർണ്ണ ദിവസത്തേയ്ക്ക് അംഗങ്ങളുടെ ഉപയോഗത്തിനുവേണ്ടി റിപ്പോർട്ടിന്റെ പ്രതി ലഭ്യമാക്കിയിട്ടില്ലെങ്കിൽ, ഏതൊരംഗത്തിനും അത് അപ്രകാരം പരിഗണനയ്ക്കെടുക്കുന്നത് എതിർക്കാവുന്നതും റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുന്നതിന്, സ്പീക്കർ തന്റെ വിവേചനാധികാരം പ്രയോഗിച്ച് അനുവദിക്കാത്ത പക്ഷം, അപ്രകാരമുള്ള എതിർപ്പ് നിലനിൽക്കുന്നതുമാണ്. എന്റെ മുമ്പിൽ ഈ നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് ഭേദഗതി കൊടുക്കാൻ രണ്ട് പൂർണ്ണ ദിവസമില്ല. രണ്ട് പൂർണ്ണദിവസം എനിക്ക് കിട്ടണമെന്നുള്ളത് ബഹുമാനപ്പെട്ട നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ enshrine ചെയ്തിട്ടുള്ളതാണ്. അതുപ്രകാരം എനിക്ക് രണ്ടുദിവസം കിട്ടണം. പ്രത്യേകിച്ച് ഈ നിയമത്തിൽ ഓരോ ഖണ്ഡത്തെ സംബന്ധിച്ചും സമഗ്രമായുള്ള പഠനവും ഭേദഗതികൾ കൊടുക്കാൻ സമയവും ആവശ്യമാണ്. പഠിക്കാൻ ഈ നിയമസഭയിലെ അംഗങ്ങൾക്ക് അവകാശമില്ലേ? പഠിച്ചിട്ട് ഭേദഗതി കൊടുക്കാൻ എവിടെയാണ് സമയം ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലൻ, അങ്ങ് പറയുന്ന റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കുന്നതാണ്. ഇപ്പോൾ റിപ്പോർട്ട് സമർപ്പിച്ചിട്ടേയുള്ളൂ. റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കുന്നത് മറ്റന്നാളാണ്. റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കുന്നതല്ലേ അങ്ങയുടെ ക്രമപ്രശ്നം.

ശ്രീ. എ. കെ. ബാലൻ: സർ, അതെ. എപ്പോഴാണ് പരിഗണനയ്ക്ക് എടുക്കുന്നത്, എനിക്ക് ഭേദഗതി കൊടുക്കാൻ സമയം വേണ്ടേ?

മി. സ്പീക്കർ: അതിനെക്കുറിച്ച് പറയാം. റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കുന്ന സമയത്തെ കാര്യമാണ് അങ്ങ് ഉന്നയിക്കുന്നതെങ്കിൽ അത് മറ്റന്നാളാണ്. ഭേദഗതിക്ക് സമയം വേണമെന്നുള്ളതാണെങ്കിൽ അത് വേറെയാണ്. ഭേദഗതിക്ക് സമയം ആവശ്യപ്പെട്ടുകൊണ്ടാണോ അങ്ങ് സംസാരിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ : സർ, റിപ്പോർട്ട് ഇപ്പോൾ മേശപ്പുറത്ത് വച്ചില്ലേ?

മി. സ്പീക്കർ: അതെ.

ശ്രീ. എ. കെ. ബാലൻ : സർ, റിപ്പോർട്ട് മേശപ്പുറത്ത് വച്ചാൽ ഞാൻ എപ്പോഴാണ് ഭേദഗതി കൊടുക്കേണ്ടത് ?

മി. സ്പീക്കർ : അതിനെക്കുറിച്ച് ചെയർ പറയാം. ശ്രീ. എ. കെ. ബാലൻ ആവശ്യപ്പെട്ടത് 79(എ) അനുസരിച്ച് ഭേദഗതി നൽകാൻ രണ്ട് പൂർണ്ണ ദിവസം ലഭിക്കണമെന്നുള്ളതാണ്. അത് ചെയർ അംഗീകരിക്കുന്നു. ഈ ബിൽ ജൂലൈ 29-ാം തീയതി പരിഗണനയ്ക്ക് എടുക്കണമെന്ന കാര്യോപദേശക സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സഭയിൽ ഇന്ന് സമർപ്പിച്ചത്. ചട്ടം 79(എ) യിൽത്തന്നെ ചെയറിന്റെ വിവേചനാധികാരം ഉപയോഗിച്ച് രണ്ട് പൂർണ്ണ ദിവസം എന്നുള്ളത് വേവ് ചെയ്യാനുള്ള അധികാരമുണ്ട്. ഈ ബില്ലിന്റെ കാര്യത്തിൽ ചെയർ പ്രസ്തുത ചട്ടം വേവ് ചെയ്തിട്ടുണ്ട്. ഈ ബില്ലിന് ഭേദഗതി നൽകുവാനുള്ള തീയതി ജൂലൈ 27 ആണെങ്കിലും അംഗങ്ങൾക്ക് പഠിച്ച് ഭേദഗതി നൽകുന്നതിനായി നാളെ (28-7-2015) രാവിലെ 11 മണി വരെ സമയം അനുവദിച്ചിട്ടുണ്ട് .....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കാര്യോപദേശക സമിതി തീയതി തീരുമാനിച്ചുവെന്നുള്ളത് ശരിയാണ്. നാളെ രാവിലെ 11.00 മണിയെന്നുള്ളത് വൈകുന്നേരം ആക്കിക്കൊടുത്താൽ അംഗങ്ങൾക്ക് സൗകര്യമായിരിക്കും. പുതിയ ബില്ലാണെന്നുള്ളത് കണ്ടുകൊണ്ട് ചെയർ കൂടുതൽ സമയം അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവേ, ഇതൊരു വലിയ ബില്ലാണ്. മറ്റന്നാൾ ഈ ബിൽ പരിഗണനയ്ക്ക് വരുമ്പോൾ എല്ലാ കാര്യങ്ങളും തീരുമാനിക്കണ്ടേ. അത് മനസ്സിലാക്കണം .....(ബഹളം).....

ശ്രീ. എ. കെ. ബാലൻ: സർ, 75 ഖണ്ഡങ്ങളുള്ള വലിയ ബില്ലാണ്. നാളെ രാവിലെ 11.00 മണിക്കുള്ളിൽ ഇത് മുഴുവൻ വായിച്ചശേഷം ഭേദഗതി കൊടുക്കണമെന്ന് പറയുന്നത് സാധ്യമല്ല. ബുദ്ധിയുള്ള ആളുകൾ ചട്ടങ്ങൾക്ക് നേതൃത്വം കൊടുത്താണ്, ഭേദഗതികൾ നൽകുന്നതിന് നിയമസഭാ സമാജികർക്ക് 2 ദിവസം സമയം തന്നത്. അത് അങ്ങ് ഏകപക്ഷീയമായി.....

മി. സ്പീക്കർ: ഇന്ന് മൂന്ന് മണി വരെയാണ് ആദ്യം സമയം അനുവദിച്ചിരുന്നത്. അത് നാളെ 11 മണിവരെയാക്കി. അതുംപോരെങ്കിൽ നാളെ ഉച്ചയ്ക്ക് 2.00 മണിവരെ സമയം നീട്ടുന്നു.

(റിപ്പോർട്ട് സമർപ്പണം - തുടർച്ച)

2. പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ തൊണ്ണൂറ്റിരണ്ട് മുതൽ തൊണ്ണൂറ്റി ആറ് വരെ റിപ്പോർട്ടുകൾ

ശ്രീ. കെ. എൻ. എ. ഖാദർ : സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ തൊണ്ണൂറ്റി രണ്ട് മുതൽ തൊണ്ണൂറ്റി ആറ് വരെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

3. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ട് മുതൽ പതിനൊന്ന് വരെ റിപ്പോർട്ടുകൾ

ഡോ. എൻ. ജയരാജ് : സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ എട്ട് മുതൽ പതിനൊന്ന് വരെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.